# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1652 | | 10.02.2020-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ഖരമാലിന്യ സംസ്കരണ യൂണിറ്റുകൾ | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.റോജി എം. ജോൺ | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | സോളിഡ് വേസ്റ്റ് മാനേജമെന്റ് റൂൾസിന്റെ 22-ാം ചട്ടപ്രകാരം തദ്ദേശ ഭരണ സ്ഥാപനങ്ങൾ 2019 ഏപ്രിൽ 18 ന് മുൻപ് ഖരമാലിന്യ സംസ്കരണത്തിനുള്ള യൂണിറ്റുകൾ സ്ഥാപിക്കേണ്ടതുണ്ടോ; വ്യക്തമാക്കാമോ; | (എ) | സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ 22-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യുന്ന സമയക്രമം അനുസരിച്ച് ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 07.04.2018-നുള്ളിലും ഒരു ലക്ഷത്തിന് താഴെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ 07.04.2019-നുള്ളിലും ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ പ്രവർത്തന സജ്ജമാക്കേണ്ടതാണ്. |
| (ബി) | ഇതു പ്രകാരം തിരുവനന്തപുരം, തൃശ്ശൂർ കോർപ്പറേഷനുകൾ നടപടി സ്വീകരിച്ചിരുന്നോ; വിശദമാക്കുമോ; | (ബി) | സ.ഉ(സാധാ)നം. 2420/2017/തസ്വഭവ തീയതി 15.07.2017 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഹരിതകേരളംമിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, തൃശ്ശൂർ കോർപറേഷനുകൾ ഉൾപ്പടെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഉറവിടമാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016-ലെ 22-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്യും പ്രകാരമുള്ള ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മാലിന്യത്തിൽ നിന്നും ഊർജ്ജം ഉല്പാദിപ്പിക്കുന്ന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ തിരുവനന്തപുരം, തൃശ്ശൂർ കോർപറേഷനുകളുടെ പരിധികളിൽ ഉൾപ്പടെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് 11.06.2018-ലെ 82/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെൻഡറിലൂടെ കണ്ടെത്തുന്ന സ്വകാര്യ മേഖലയിലെ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ പ്ലാന്റ് സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾ പുരോഗമിക്കുന്നു. |
| (സി) | ഖരമാലിന്യ സംസ്കരണത്തിലുണ്ടായ വീഴ്ചക്ക് തിരുവനന്തപുരം നഗരസഭക്ക് 14.59 കോടി രൂപയും തൃശ്ശൂർ നഗരസഭക്ക് 4.56 കോടി രൂപയും നാഷണൽ ഗ്രീൻ | (സി) | 25/04/2019 തീയതിയിലെ OA.No.606/2018 ലെ ഉത്തരവ് പ്രകാരം 3 മാതൃകാ സിറ്റി/ ടൗൺ/ ഓരോ ജില്ലയിലും 3 ഗ്രാമങ്ങൾ എന്നിവ തെരഞ്ഞെടുക്കുന്നതിനും അവ 6 മാസത്തിനകം എല്ലാ പരിസ്ഥിതി നിയമങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും ബാക്കിയുള്ള |

| | | | |
|---|---|---|---|
| | ട്രൈബ്യൂണലിന്റെ പരിസ്ഥിതി കോമ്പൻസേഷൻ പെനാൽറ്റിയായി സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ് ചുമത്തിയിട്ടുണ്ടോ; പ്രസ്തുത തുക നഗരസഭകൾ അടച്ചിട്ടുണ്ടോ ;ഇല്ലെങ്കിൽ എന്തുകൊണ്ടെന്നുള്ള വിവരം വെളിപ്പെടുത്താമോ? | | തദ്ദേശസ്ഥാപനങ്ങളിൽ ഇത് ഒരു വർഷത്തിനകം പാലിക്കണമെന്നും ബഹു. ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിട്ടിരുന്നു. തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നിവയാണ് ആയതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട മാതൃകാ നഗരങ്ങൾ. 2016-ലെ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസിൽ 22-ാം ചട്ടത്തിൽ പറഞ്ഞിട്ടുള്ള സമയബന്ധിത പ്രവർത്തനങ്ങളായ ഖരമാലിന്യ സംസ്കരണ പ്ലാന്റ്, സാനിറ്ററി ലാൻഡ് ഫില്ലിംഗ് എന്നിവയ്ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തി സ്ഥാപിക്കുക, വേർതിരിച്ച മാലിന്യം വീട്ടുവീടാന്തരം ശേഖരിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുക എന്നീ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടില്ലെന്ന ബഹു. നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ നിരീക്ഷണത്തെ തുടർന്ന് സംസ്ഥന മലിനീകരണ നിയന്ത്രണ ബോർഡ് തൃശ്ശൂർ നഗരസഭയ്ക്ക് 4.56 കോടി രൂപയും തിരുവനന്തപുരം നഗരസഭയ്ക്ക് 14.59 കോടി രൂപയും എൻവയോൺമെന്റൽ കോമ്പൻസേഷൻ ഈടാക്കാതിരിക്കാനുള്ള കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. തൃശ്ശൂർ കോർപ്പറേഷന്റെ മറുപടി തൃപ്തികരമല്ലാത്തതിനാൽ എൻവയോൺമെന്റൽ കോമ്പൻസേഷൻ അടയ്ക്കാനുള്ള നിർദ്ദേശം മലിനീകരണ നിയന്ത്രണ ബോർഡ് തൃശ്ശൂർ കോർപറേഷന് നൽകുകയുണ്ടായി. ഈ ഉത്തരവിനെതിരെ തൃശ്ശൂർ കോർപ്പറേഷൻ ഹൈക്കോടതിയെ സമീപിക്കുകയും തുടർന്ന് നിയമപ്രകാരമുള്ള സമയത്തിനകം ബഹു. ദേശീയ ഹരിത ട്രിബ്യൂണലിൽ അപ്പീൽ നൽകുന്നതിനോ OA-യിൽ ഉൾപ്പെടാനോ അല്ലെങ്കിൽ രണ്ടും പ്രാവർത്തികമാക്കുന്നതിനോ ഹൈക്കോടതി ഉത്തരവ് നൽകി. തുടർന്ന് ഈ ഉത്തരവിനെതിരെ ഹൈക്കോടതിയിൽ തൃശ്ശൂർ കോർപ്പറേഷൻ റിട്ട് അപ്പീൽ നൽകുകയും ആയതു പ്രകാരം പ്രസ്തുത ഉത്തരവ് സ്റ്റേ ചെയ്യുകയും റിട്ട് അപ്പീൽ തീർപ്പാക്കുന്ന സാഹചര്യത്തിൽ മുഴുവൻ തുകയും നൽകുന്നതിനുള്ള ബോണ്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡുമായി ഏർപ്പെടുകയുമുണ്ടായി. ഇക്കാര്യത്തിൽ തിരുവനന്തപുരം കോർപറേഷൻ മലിനീകരണ നിയന്ത്രണ ബോർഡിന് വിശദീകരണം നൽകുകയും ബോർഡിന്റെ നടപടിയിന്മേൽ ബഹു.ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഓർഡർ വാങ്ങിയിട്ടുള്ളതുമാണ് |

സെക്ഷൻ ഓഫീസർ